**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3350.</u> | <u>22.08.2017 ൽ മറുപടിക്ക്</u>

## <u>ഇ-ഗവേണൻസ്</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി :** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) വിവരസാങ്കേതിക വിദ്യയിൽ പ്രാവീണ്യമുള്ള സർക്കാർ ജീവനക്കാരെ കണ്ടെത്തി ഇ-ഗവേണൻസ് ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) ഇ-ഗവേണൻസ് ഫലപ്രദമായി നടപ്പിലാക്കുന്നതിനു വേണ്ടി സർക്കാർ ജീവനക്കാരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടു കൂടി വിവരസാങ്കേതിക വിദ്യയിൽ കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമും വെർച്ചൽ ഐ.ടി കേഡർ എന്ന പദ്ധതിയും പി.ജി.ഡി.ഇ.ജി എന്ന ഒരു വർഷത്തെ കോഴ്സും ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. ഇ-ഗവേണൻസ് പദ്ധതികളുടെ വിഭാവനം, നടത്തിപ്പ്, മേൽനോട്ടം എന്നിവ അതാത് വകുപ്പുകളുടെ തന്നെ ഉദ്യോഗസ്ഥരുടെ ടീമിനെ ഉപയോഗിച്ച് നടപ്പിലാക്കുക, വിവര സാങ്കേതിക വിദ്യയിൽ ഉള്ള അവരുടെ അറിവ് വർദ്ധിപ്പിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ സെക്രട്ടേറിയറ്റിലേയും മറ്റു വകുപ്പുകളിലേയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി 10 ദിവസം നീണ്ടു നിൽക്കുന്ന വെർച്ചൽ ഐ.ടി.കേഡർ എന്ന പദ്ധതിയും, ഈ ഉദ്യോഗസ്ഥരിൽ നിന്നും സമർത്ഥരായ 20 ഉദ്യോഗസ്ഥരെ കണ്ടെത്തി ഇ-ഗവേണൻസ് മേഖലയിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന ബിരുദാനന്തര ഡിപ്ലോമ പ്രോഗ്രാമും നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) എല്ലാ വകുപ്പുകളിലും ഇത്തരത്തിൽ പ്രാവീണ്യമുള്ളവരെ | (ബി) വിവിധ വകുപ്പുകളിൽ തെരഞ്ഞെടുത്തവരെ ഉൾപ്പെടുത്തി വകുപ്പുതല ഐ.ടി. സെൽ |

| | | | |
|---|---|---|---|
| | ഉൾപ്പെടുത്തി ഐ.ടി. അധിഷ്ഠിത പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | | രൂപീകരിക്കുകയും ഇവ സംസ്ഥാന ഐ.ടി മിഷനുമായി ചേർന്നു പ്രവർത്തിക്കുകയും വകുപ്പുതല പ്രവർത്തനങ്ങൾ മൊത്തത്തിലുള്ള പദ്ധതികളുമായി സമന്വയമുള്ളതാണെന്നും ഇവ തടസ്സം കൂടാതെ നടപ്പിലാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിന് ഐ.ടി നയം 2017 വിഭാവനം ചെയ്യുന്നു. |
| (സി) | വെർച്ചൽ ഐ.ടി കാഡർ പദ്ധതി എല്ലാ വകുപ്പുകളിലേക്കും വ്യാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവഴി എന്തുമാറ്റമാണ് വകുപ്പുകളുടെ പ്രവർത്തനത്തിൽ പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ ? | (സി) | വെർച്ച്വൽ ഐ.ടി.കേഡർ പദ്ധതി എല്ലാ വകുപ്പുകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി മുഖാന്തിരം ഓരോ വകുപ്പുകളിലും ഓരോ ഇൻഹൗസ് ടീമുകൾ രൂപീകരിക്കുകയും വിദഗ്ധ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നതു വഴി സർക്കാരിന്റെ വിവിധ പദ്ധതികൾ ഏകോപിപ്പിക്കുവാനും അതുവഴി കാര്യക്ഷമത വർദ്ധിപ്പിക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**